# ഗ്രാമവികസന കമ്മീഷണറേറ്റിലെ
# സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം.

(ഹാജർ: നജീബ്.എച്ച്)

**സംഗ്രഹം**

ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - ക്ലാർക്ക് സീനിയോരിറ്റി ലിസ്റ്റിലെ അപാകത പരിഹരിച്ച് ഉത്തരവാകുന്നു.

| ഉത്തരവ് നം. 7618/എസ്റ്റാ. സി.3/2020/സിആർഡി | തീയതി: 08/09/2020 |
|---|---|

പരാമർശം;-1. ഈ ഓഫീസിലെ 30.05.2016 ലെ 7480/എസ്റ്റാ.സി3/2015/ സി.ആർ.ഡി. നം. നടപടിക്രമം

2. 12.08.2020 ലെ കോട്ടയം അസി.ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ന്റെ സി3/2368/2020/നം. കത്ത്.
3. 25.08.2020 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കോട്ടയം ജില്ലാ ഓഫീസറുടെ കത്ത്.
4. 10.10.2011 ലെ കോട്ടയം ജില്ലാകളക്ടറുടെ ഡി3.147/2005 നം. കത്ത്.

## ഉത്തരവ്

പള്ളം ബ്ലോക്ക് പഞ്ചായത്തിലെ ക്ലാർക്കായ ശ്രീ.ഹെൻറി പുന്നൂസ് ക്രമ നം. 568 ആയി ഉൾപ്പെട്ടിട്ടുളള പരാമർശം (1) പ്രകാരമുളള ക്ലാർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ടിയാന്റെ സീനിയോരിറ്റി നമ്പരിലെ അപാകത പരിഹരിക്കുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ശ്രീ.ഹെൻറി പുന്നൂസ് 28.09.2011 ലെ നിയമന ശിപാർശയിൽ ക്രമ നം. (1) ആയി ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത നിയമന ശിപാർശയിൽ ക്രമ നം. (2, 3, 4) ആയി യഥാക്രമം ശ്രീമതി.ജാസ്മിൻ.ടി.എം. ശ്രീ.ഷെമിൻ.വി.എസ്. ശ്രീ.സോൽജി മൈക്കിൾ എന്നിവരും ഉൾപ്പെട്ടുട്ടുളളതായി പരാമർശം (3) പ്രകാരം റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

എന്നാൽ നിയമന ശുപാർശയിൽ ഒന്നാമനായ ശ്രീ.ഹെൻറി പുന്നൂസ് പരാമർശം (1) പ്രകാരമുളള ക്ലാർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നം. 568 ആയി ശ്രീമതി.ജാസ്മിൻ.ടി.എം. (566), ശ്രീ.ഷെമിൻ.വി.എസ്.(567) എന്നിവർക്ക് താഴെയായിട്ടാണ് ഉൾപ്പെട്ടിരിക്കുന്നത്. മേൽ സാഹചര്യത്തിൽ ടിയാന്റെ സീനിയോരിറ്റി ക്രമ നം.565 ശ്രീമതി.നിഷ കുട്ടിയാടനു താഴെയായും ശ്രീമതി.ജാസ്മിൻ.ടി.എം (566) നു മുകളിലായും ക്രമ നമ്പർ 565 (എ) ആയി ക്രമപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്,

ശ്രീ.ഹെൻ റി പുന്നൂന്, ക്ലാർക്ക്, പള്ളം ബ്ലോക്ക് പഞ്ചായത്ത്

പകർപ്പ്:

1. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), കോട്ടയം
2. പിഎം സെക്ഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. സ്റ്റോക്ക്ഫയൽ/ഓഫീസ്കോപ്പി

അംഗീകാരത്തോടെ

ജൂനിയർ സൂപ്രണ്ട്